"ഭരണഭാഷ മാതൃഭാഷ"

നം.എം.(4)/618579/2022/ഡി.ജി.ഇ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 28/09/2022.
e-mail : supdtm.dge@kerala.gov.in

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കൂൾ തലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.08.2022-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് തീയതി 05/09/2022.
2. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 13/09/2022 ന് ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ് തീയതി 20/09/2022.
3. നികുതി വകുപ്പ് ഉത്തരവ് നം.71/2022 തീയതി 22/09/2022.
4. മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരിവിരുദ്ധ പ്രചാരണം എൽ.എസ്.ജി.ഡി വകുപ്പ് തയ്യാറാക്കിയ കർമ്മ പരിപാടി.

ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും വിവിധ തലങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്ത് ഉടനീളം ഒരു തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഏകോപനത്തിനായി ബഹു. മുഖ്യമന്ത്രി അധ്യക്ഷനും, ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ഉപാധ്യക്ഷനും ചീഫ് സെക്രട്ടറി കോ-ഓർഡിനേറ്ററും വിവിധ വകുപ്പ് മന്ത്രിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല സമിതിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും, ജില്ലാ കളക്ടർ കോ-ഓർഡിനേറ്ററും വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികൾ, തദ്ദേശ സ്ഥാപന അധ്യക്ഷൻമാർ എന്നിവർ അംഗങ്ങളുമായി ജില്ലാതല സമിതിയും രൂപീകരിച്ച് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

സംസ്ഥാന, ജില്ലാ, വാർഡ്തല സമിതികൾ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾതല ജനജാഗ്രതാ സമിതി രൂപീകരിക്കേണ്ടതാണ്.

സ്കൂൾതല ജനജാഗ്രതാ സമിതി

അധ്യക്ഷൻ : പി.ടി.എ പ്രസിഡന്റ്

കൺവീനർ : പ്രിൻസിപ്പാൾ/പ്രഥമാദ്ധ്യാപകർ

അംഗങ്ങൾ: :പി.ടി.എ, എം.പി.ടി.എ പ്രതിനിധികൾ, അധ്യാപക പ്രതിനിധികൾ, സ്കൂൾ പാർലമെന്റ് പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ, വിദ്യാലയ വികസന സമിതി അംഗങ്ങൾ, എസ്.എം.സി പ്രതിനിധികൾ, വിരമിച്ച അധ്യാപകർ, മാനേജ്മെന്റ് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വ്യാപാര സ്ഥാപന പ്രതിനിധികൾ, സ്കൂൾ പരിസരത്തുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാരുടെ പ്രതിനിധികൾ (കഴിയുന്നതും രക്ഷാകർത്താക്കൾ ആകുന്നത് ഉചിതം), പോലീസ്, എക്സൈസ് പ്രതിനിധികൾ, മറ്റ് അഭ്യുദയകാംക്ഷികൾ തുടങ്ങിയവർ.

സ്കൂൾതല ജനജാഗ്രതാ സമിതി സെപ്റ്റംബർ 30-നകം രൂപീകരിക്കേണ്ടതാണ്.

- ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമെന്ന നിലയിൽ ഒക്ടോബർ 2 മുതൽ നവംബർ 1 വരെയുള്ള കാലയളവിൽ വിപുലമായ കർമ്മപദ്ധതി തയ്യാറാക്കി സ്കൂളുകളിൽ നടപ്പിലാക്കേണ്ടതുണ്ട്.
- എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ വിഭാഗങ്ങളെ ഉൾപ്പെടുത്തി സ്കൂളിനെ **ഒറ്റ യൂണിറ്റായി** കണക്കാക്കി കർമ്മപദ്ധതികൾ തയ്യാറാക്കണം.
- ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും വിമുക്തി മിഷന്റെ നേതൃത്വത്തിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരമുള്ള പരിശീലനങ്ങൾ നടന്നുവരുന്നു. എല്ലാ ജില്ലകളിലും ബി.ആർ.സി തലത്തിൽ ക്രമീകരിച്ചിട്ടുള്ള പരിശീലനം സെപ്റ്റംബർ 30-നകം പൂർത്തിയാകും.

<u>സ്കൂൾതല പരിപാടി - ഒക്ടോബർ 2</u>

- ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ന് രാവിലെ 10 മണിയ്ക്ക് ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. അതത് പ്രദേശത്തെ ജനപ്രതിനിധികൾ, കലാകായിക സാഹിത്യ പ്രതിഭകൾ, പൊതുജനങ്ങൾ തുടങ്ങി പരമാവധി ആളുകളുടെ പങ്കാളിത്തത്തോടെ സ്ക്കൂൾതല പരിപാടി രാവിലെ 9.30ന് ആരംഭിക്കാവുന്നതാണ്. ഈ ചടങ്ങിൽ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ബഹു.മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗം പ്രദർശിപ്പിക്കേണ്ടതാണ്.
- ബഹു. മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗം തത്സമയം വീക്ഷിക്കുന്നതിനുള്ള സംവിധാനം എല്ലാ സ്കൂളുകളിലും ഒരുക്കേണ്ടതാണ്.
- പ്രസ്തുത പരിപാടികൾ എല്ലാ വിദ്യാർത്ഥികളും വീക്ഷിക്കുന്ന രീതിയിൽ ഒരുമിച്ചുള്ള അസംബ്ലിയിലും സംപ്രേഷണം ചെയ്യാവുന്നതാണ്.

- ഒക്ടോബർ 2-ന് സ്കൂളിലേക്ക് എത്താൻ സാധിക്കുന്ന എല്ലാ വിദ്യാർത്ഥികളേയും ഈ പരിപാടിയുടെ ഭാഗമാക്കാൻ ശ്രദ്ധിക്കണം.
- എല്ലാ അധ്യാപകരും അന്നേ ദിവസം സ്കൂളുകളിൽ എത്തിച്ചേർന്ന് ശുചീകരണ പരിപാടികളോടൊപ്പം ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകണം. എൻ.എസ്.എസ്, എസ്.പി.സി., എൻ.സി.സി., സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി., ലിറ്റിൽ കൈറ്റ്സ്, anti narcotic club, മറ്റ് ക്ലബുകളിൽ പ്രവർത്തിക്കുന്നവർ ഈ പരിപാടികളിൽ സജീവമായി പങ്കെടുക്കണം.

<u>സ്കൂളുകളിൽ നടഷിലാക്കേണ്ട കർമ്മ പദ്ധതികൾ</u>

- സ്റ്റാഫ് കൗൺസിൽ, സ്കൂൾ പാർലമെന്റ്, പി.ടി.എ യോഗങ്ങൾ ചേർന്ന് സ്കൂളിന് പൊതുവായ ഒരു കർമ്മപദ്ധതി ആസൂത്രണം ചെയ്യുകയും ആയത് സ്കൂൾതല ജനജാഗ്രതാ സമിതിയുമായി ചർച്ച ചെയ്ത് പ്രവർത്തന പദ്ധതി തയ്യാറാക്കണം.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങളോട് അനുബന്ധിച്ച് വിവിധ പോസ്റ്ററുകൾ, ബോർഡുകൾ, മറ്റ് പ്രചരണ സാമഗ്രികൾ എന്നിവ ഉണ്ടാക്കുകയും എല്ലാ വിദ്യാർത്ഥികളിലേയ്ക്കും അവരുടെ കുടുംബങ്ങളിലേക്കും ലഹരിവിരുദ്ധ സന്ദേശവും കൃത്യമായ അവബോധവും എത്തുന്നു എന്ന് അതാത് സ്കൂളുകൾ ഉറപ്പാക്കേണ്ടതുമാണ്.
- സ്കൂൾതലത്തിൽ ഉപയോഗിക്കേണ്ട പോസ്റ്റർ, ബോർഡ് എന്നിവയുടെ പൊതു ഡിസൈൻ സംസ്ഥാനതലത്തിൽ നിന്ന് നൽകുന്നതാണ്. സ്കൂൾ തലത്തിൽ ഇവ സ്ഥാപിക്കുന്നതിന് പി.ടി.എ മുൻകൈയെടുക്കണം.
- കുട്ടികൾക്കിടയിൽ ലഹരി ഉപയോഗമുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം കുട്ടികളുടെ identity പരസ്യമാക്കാതെ അവരുടെ തുടർചികിത്സ, പുനരധിവാസം എന്നിവ ലഭ്യമാക്കുന്നതിന് പോലീസ്, എക്സൈസ് എന്നിവരുടെ സേവനം ആവശ്യപ്പെടാവുന്നതാണ്.
- സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും, കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിനായി **9447178000, 9061178000** എന്നീ മൊബൈൽ നമ്പരുകൾ ഉപയോഗിക്കാവുന്നതാണ്. ലഹരി ഉപയോഗംമൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളും പെരുമാറ്റ വൈകല്യങ്ങളും നേരിട്ട് എക്സൈസ് വകുപ്പിന്റെ **9656178000** നമ്പരിലേക്ക് വാട്സ്ആപ്പ് ചെയ്യാവുന്നതാണ്. പോലീസ് കൺട്രോൾ റൂം നമ്പറായ 112 ന്റെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.
- എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ വിമുക്തി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. 14405 എന്ന ടോൾഫ്രീ നമ്പരിൽ കൗൺസിലിംഗ് സേവനം ലഭ്യമാക്കി വരുന്നു.

- സ്കൂളിനുള്ളിലും പരിസരത്തും ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യ തയുള്ള ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
- സ്കൂൾ തലത്തിൽ നടത്തുന്ന എല്ലാ ലഹരി വിരുദ്ധ പ്രവർത്തനങ്ങളും കേവലമായി ഏതെങ്കിലും ഒരു അദ്ധ്യാപകന്റെ ചുമതലയായിട്ടല്ല മറിച്ച് സ്കൂളിലെ എല്ലാ അധ്യാപക രുടെയും കൂട്ടായ പ്രവർത്തനമായി ഏറ്റെടുത്ത് നടത്തേണ്ടതാണ്.
- ലഹരി വിരുദ്ധ സന്ദേശങ്ങൾ രക്ഷകർത്താക്കളിലേക്കും കുട്ടികളിലേക്കും എത്തിക്കുന്ന തിനായി ക്ലാസ്സ്തല പി.ടി.എ യോഗങ്ങൾ വിളിച്ചു ചേർക്കുകയും രക്ഷകർത്താക്കളോ ടൊപ്പം കുട്ടികളും ഇതിൽ പങ്കെടുക്കുകയും ചെയ്യണം.
- ക്ലാസ്സ്തല പി.റ്റി.എ യോഗങ്ങൾ ഒക്ടോബർ 6, 7 തീയതികളിലായി പൂർത്തിയാക്കണം. തുടർ പ്രവർത്തനമെന്ന നിലയിൽ എല്ലാ ക്ലാസ്സുകളിലും ഈ വിഷയത്തെ ആസ്പദമാക്കി ചർച്ച, സംവാദം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.
- നവംബർ 1 വരെയുള്ള ലഭ്യമായ അധ്യയന ദിവസങ്ങളിൽ സ്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും വിവിധ ക്ലബുകൾ, എൻ.എസ്.എസ്., എൻ.സി.സി., സ്കൗട്ട് & ഗൈഡ്, ജെ.ആർ.സി., ലിറ്റിൽ കൈറ്റ്സ് എന്നീ സംവിധാനങ്ങളെയും പങ്കെടുപ്പിച്ച് വിവിധ കലാ-കായിക പരിപാടികൾ സംഘടിപ്പിക്കണം. കവിതാരചന, കവിതാ പാരായ ണം, കഥാരചന, സ്കിറ്റ്, റോൾപ്ലേ, പോസ്റ്റർ നിർമ്മാണം, പ്രസംഗം തുടങ്ങി വ്യത്യസ്ത പരിപാടികൾ ഉൾപ്പെടുത്താം. സ്കൂൾ തലത്തിൽ സൈക്കിൾ റാലി, കൂട്ടയോട്ടം, തെരുവ് നാടകം, flash mob തുടങ്ങിയ പരിപാടികൾ പൊതുജന ശ്രദ്ധ ആകർഷിക്കും വിധം നടപ്പിലാക്കാവുന്നതാണ്. ലഹരി വിരുദ്ധ സന്ദേശം അടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ചെറു വീഡിയോകൾ സ്കൂൾ തലത്തിൽ തയ്യാറാക്കി പ്രചാരണ പരിപാടികളുടെ ഭാഗമാക്കണം.
- ആഴ്ചയിൽ ഒരിക്കൽ സ്റ്റാഫ് കൗൺസിൽ യോഗം ചേർന്ന് സ്കൂൾ തലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം.
- 24/10/2022 ന് ദീപാവലി ദിവസം സ്കൂൾതലത്തിലോ വീടുകളിലോ ലഹരിക്കെതിരായി ദീപം തെളിയിച്ച് സോഷ്യൽ മീഡിയ ക്യാമ്പയിനായി മാറ്റാവുന്നതാണ്. പ്രമുഖ വ്യക്തിത്വങ്ങൾ, ജനപ്രതിനിധികൾ, Motivational speakers എന്നിവരെ ഈ പരി പാടികളിലേക്ക് ക്ഷണിക്കാവുന്നതാണ്.
- ഹോസ്റ്റലുകൾ ഉള്ള സ്കൂളുകളിൽ ഹോസ്റ്റൽ കേന്ദ്രീകരിച്ചും ബോധവത്ക്കരണ പരിപാടികൾ നടക്കുന്നു എന്ന് ഹോസ്റ്റൽ വാർഡൻ / ചുമതലപ്പെട്ട അദ്ധ്യാപകർ ഉറപ്പാക്കണം.

- എല്ലാ സ്കൂളുകളിലും അധ്യാപകരും ജനജാഗ്രത സമിതി അംഗങ്ങളും അതാത് സ്കൂളുകളുടെ 100 വാര ചുറ്റളവിലെ കടകളിൽ സന്ദർശനം നടത്തി ഏതെങ്കിലും സ്ഥാപനങ്ങളിൽ ലഹരി വസ്തുക്കൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വിവരം പോലീസ്/എക്സൈസിന് കൈമാറേണ്ടതാണ്.
- സ്കൂളുകളിലെ ശുചിമുറി, ടോയ്ലറ്റ്, ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സ്കൂളിലെ എല്ലാ കെട്ടിടങ്ങളും അദ്ധ്യാപകരുടെ പൂർണ്ണ നിരീക്ഷണത്തിലാക്കുകയും ലഹരി വസ്തുക്കൾ കൈമാറുന്ന കേന്ദ്രങ്ങളല്ല എന്ന് ഉറപ്പാക്കുകയും വേണം.
- എല്ലാ സ്കൂളുകളിലെയും 100 വാര ചുറ്റളവിൽ പുകയില ഉത്പന്നങ്ങൾ വിൽക്കുന്നില്ല എന്നും കൈമാറ്റം ചെയ്യുന്നില്ല എന്നും ജനജാഗ്രതാ സമിതി ഉറപ്പാക്കുകയും ലഹരി മുക്ത പ്രദേശമാക്കി 'yellow line' ക്യാമ്പയിൻ ശക്തിപ്പെടുത്തേണ്ടതുമാണ്.
- 2022 ഒക്ടോബർ 30, 31 തീയതികളിൽ സ്കൂളുകളിലും പരിസരത്തും വിളംബരജാഥ സംഘടിപ്പിക്കണം.
- ലഹരിക്കെതിരെയുള്ള തീവ്രയജ്ഞ ക്യാമ്പയിന്റെ ആദ്യഘട്ട പ്രവർത്തനത്തിന്റെ സമാപനമെന്ന നിലയിൽ നവംബർ 1-ന് കുട്ടികൾ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് ലഹരിവിരുദ്ധ ശൃംഖല രൂപീകരിക്കുകയും പ്രതീകാത്മക ലഹരി ഉത്പന്നങ്ങളുടെ കുഴിച്ചുമൂടൽ, കത്തിക്കൽ എന്നിവ സംഘടിപ്പിക്കേണ്ടതുമാണ്. ഇന്നേ ദിവസം സ്കൂൾതലത്തിൽ നടത്തുന്ന പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷാകർത്താക്കൾ, പൊതുജനങ്ങൾ തുടങ്ങിയവർ ചേർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞ കൈക്കൊളേളണ്ടതാണ്.
- വ്യത്യസ്ത ഏജൻസികളുടെ പരിപാടികൾ നടപ്പിലാക്കാതെ സംസ്ഥാനതലത്തിൽ വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് നടത്തപ്പെടുന്ന പൊതുവായുള്ള ഈ പദ്ധതി മാത്രം സ്കൂൾതലത്തിൽ നടപ്പിലാക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ മാത്രം നടപ്പിലാക്കിയാൽ മതിയാകും.
- സ്കൂൾതലത്തിൽ നടക്കുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്ത് അതാത് വിദ്യാഭ്യാസ ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.
- വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂൾ അധികൃതർക്കും പ്രസ്തുത പരിപാടി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകുകയും സ്കൂളുകളിൽ സന്ദർശനം നടത്തി കർമ്മപദ്ധതികൾ അവലോകനം ചെയ്ത് കൃത്യമായ മോണിറ്ററിംഗിലൂടെ സ്കൂളിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്ത് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലേയ്ക്ക് അയക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകൾക്കും (സർക്കാർ, എയിഡഡ്, അൺഎയിഡഡ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., മറ്റ് ബോർഡുകൾ) ബാധകമാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

1. സംസ്ഥാന പോലീസ് മേധാവി
2. അഡീഷണൽ എക്സൈസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ), എക്സൈസ് വകുപ്പ്
3. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
4. ഡയറക്ടർ, എസ്.എസ്.കെ
5. ഡയറക്ടർ, സീമാറ്റ്- കേരള
6. ഡയറക്ടർ, എസ്.ഐ.ഇ.ടി.
7. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കൈറ്റ്
8. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
9. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എച്ച്.എസ്.ഇ. വിഭാഗം)
10. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച്.എസ്.ഇ. വിഭാഗം)
11. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
12. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
13. എല്ലാ പ്രിൻസിപ്പൽ/പ്രഥമാദ്ധ്യാപകർക്കും. (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
14. സി.ബി.എസ്.ഇ റീജിയണൽ ഓഫീസ്
15. കേന്ദ്രീയ വിദ്യാലയ റീജിയണൽ ഓഫീസ്
16. ഐ.സി.എസ്.ഇ മാനേജ്മെന്റ് അസോസിയേഷൻ.
17. നവോദയ വിദ്യാലയ പ്രിൻസിപ്പൽമാർ.
18. ഓഫീസ് കോപ്പി/കരുതൽ ഫയൽ